# കേരള സർവകലാശാല

നം.പി.ആർ.203/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### പരീക്ഷാതീയതി

2018 ആഗസ്റ്റ് 17 ന് നടത്താനിരുന്ന വിദൂര വിദ്യാഭ്യാസം വഴിയുള്ള രണ്ടാം സെമസ്റ്റർ ബി.എ, ബി.എസ്.സി (2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ EN 1212.1 'മോഡേൺ ഇംഗ്ലീഷ് ഗ്രാമർ ആൻഡ് യൂസേജ്' എന്ന പേപ്പർ സെപ്റ്റംബർ 17 ന് നടത്തുന്നതാണ്. ആഗസ്റ്റ് 14 ന് നടത്താനിരുന്ന വിദൂര വിദ്യാഭ്യാസം വഴിയുള്ള രണ്ടാം സെമസ്റ്റർ ബി.കോം (2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ EN 1211.2 'മോഡേൺ ഇംഗ്ലീഷ് ഗ്രാമർ ആൻഡ് യൂസേജ്' എന്ന പേപ്പർ സെപ്റ്റംബർ 17 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്കോ സമയത്തിനോ മാറ്റമില്ല.

2018 സെപ്റ്റംബർ 5 മുതൽ 12 വരെ നടത്താനിരുന്ന മൂന്നാം പ്രൊഫഷണൽ എം.ബി.ബി.എസ് – പാർട്ട് I സപ്ലിമെന്ററി ഡിഗ്രി പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 24, 26, 28, ഒക്ടോബർ 1 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 സെപ്റ്റംബർ 5 മുതൽ 14 വരെ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.എ.എസ്.എൽ.പി ഡിഗ്രി പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 19, 24, 26, 28, ഒക്ടോബർ 1 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 6 വരെ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.സി.എ (2015 സ്കീം) ഡിഗ്രി പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 24, 26, 28, ഒക്ടോബർ 1 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 14 വരെ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം – ഫുൾ ടൈം യു.ഐ.എം/റെഗുലർ (ഈവനിംഗ്)/ട്രാവൽ, ടൂറിസം ഉൾപ്പെടെ) ഡിഗ്രി പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 19, 24, 25, 26, 27, 28, ഒക്ടോബർ 1, 3, 4, 5, 8 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ഹാൾ ടിക്കറ്റ്

സെപ്റ്റംബർ 24 ന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.ബി.എ (വിദൂര വിദ്യാഭ്യാസം) സപ്ലിമെന്ററി പരീക്ഷകൾക്ക് (2013 & 2014 അഡ്മിഷൻ) തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.ഡി.ഇ പാളയത്തു നിന്നും കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ കോളേജിൽ നിന്നും ആലപ്പുഴ പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ ആലപ്പുഴ എസ്.ഡി കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അതത് കോളേജുകളിൽ പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫലം

2018 മേയിൽ നടത്തിയ മൂന്നാം വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 29 വരെ അപേക്ഷിക്കാം.

## സൂക്ഷ്മപരിശോധന

2017 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ ബി.സി.എ – സി.ബി.സി.എസ് കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ സെപ്റ്റംബർ 17 മുതൽ 26 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റ്/ഐ.ഡി കാർഡുമായി പുനർമൂല്യനിർണ്ണയ വിഭാഗമായ ഇ.ജെ III യിൽ എത്തിച്ചേരേണ്ടതാണ്.

2017 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ, 2018 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.സി.എ/ബി.ബി.എ – സി.ബി.സി.എസ് കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ സെപ്റ്റംബർ 14 മുതൽ 24 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റ്/ഐ.ഡി കാർഡുമായി പുനർമൂല്യനിർണ്ണയ വിഭാഗമായ ഇ.ജെ III യിൽ എത്തിച്ചേരേണ്ടതാണ്.

## സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള (ഇ.സി, സി.എസ്, ഐ.ടി ബ്രാഞ്ചുകൾ) സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 17, 18, 19 തീയതികളിൽ രാവിലെ 10 മണി മുതൽ കോളേജിൽ വച്ച് നടത്തുന്നതാണ്. ഫോൺ: 9037119776.

## പരീക്ഷാഫീസ്

ആറാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം (2010 & 2011 അഡ്മിഷൻ) മേഴ്സി ചാൻസ് പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 28 വരെയും 50 രൂപ പിഴയോടു കൂടി ഒക്ടോബർ 3 വരെയും 125 രൂപ പിഴയോടു കൂടി ഒക്ടോബർ 5 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 14 മുതൽ ആരംഭിക്കുന്നതാണ്. വിദ്യാർത്ഥികൾ പരീക്ഷ ഫീസ് കൂടാതെ മേഴ്സിചാൻസ് ഫീസ് 2000/- രൂപയും വാല്യുവേഷൻ ക്യാമ്പ് ഫീസ് 200/- രൂപയും ഉൾപ്പെടെ 2200/- രൂപ അധികമായി അടയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം (2010 & 2011 അഡ്മിഷൻ) മേഴ്സി ചാൻസ് പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 28 വരെയും 50 രൂപ പിഴയോടു കൂടി ഒക്ടോബർ 3 വരെയും 125 രൂപ പിഴയോടു കൂടി ഒക്ടോബർ 5 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ പരീക്ഷ ഫീസ് കൂടാതെ മേഴ്സിചാൻസ് ഫീസ് 2000/- രൂപയും വാല്യുവേഷൻ ക്യാമ്പ് ഫീസ് 200/- രൂപയും ഉൾപ്പെടെ 2200/- രൂപ അധികമായി അടയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ കോഴ്സിന് സെപ്റ്റംബർ 24 വരെ അപേക്ഷിക്കാം.

സർട്ടിഫിക്കറ്റ് ഇൻ നേഴ്സിംഗ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. ക്ലാസുകൾ സെപ്റ്റംബർ 29 ന് ആരംഭിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 0471 – 2302523.

## പി.ജി. പ്രവേശനം, 2018– രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. സെപ്തംബർ 14,15,17 തീയതികളിൽ കോളേജ് പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെയും യു.ഐ.ടി.കളിലേയും 2018–19 അദ്ധ്യയന വർഷത്തെ ബിരുദാനന്തരബിരുദ (പി.ജി.) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായോ അല്ലാത്തപക്ഷം അഡ്മിഷൻ ഫീസ് ഒടുക്കുന്നതിനുള്ള ചലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐ.യുടെ ഏതെങ്കിലും ശാഖയിലോ ഫീസ് ഒടുക്കേണ്ടതാണ്. ജനറൽ വിഭാഗത്തിന് 900/– രൂപയും എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗങ്ങൾക്ക് 340 രൂപയുമാണ് അഡ്മിഷൻ ഫീസ്. ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് ഒടുക്കേണ്ടതില്ല.

അഡ്മിഷൻ ഫീസ് ഒടുക്കിയവിവരം വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2018 സെപ്തംബർ 14,15,17 തീയതികളിലായി അതത് കോളേജുകളിൽ ഹാജരായി പ്രവേശനം സ്വീകരിക്കേണ്ടതാണ്. യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്തിനുള്ളിൽ പ്രവേശനം എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും അടുത്ത അലോട്ടമെന്റുകളിൽ പരിഗണിക്കുന്നതുമല്ല.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർക്ക് തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിനായി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ലഭിച്ച അഡ്മിഷനിൽ സംതൃപ്തരാണെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ സെപ്തംബർ 26 രാവിലെ പത്ത് മണിക്ക് മുൻപായി നീക്കം ചെയ്യേണ്ടതാണ്. നിലനിർത്തുന്ന ഹയർ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

ഒന്നാം സെമസ്റ്റർ പി.ജി.ക്ലാസ്സുകൾ 19.09.2018–ന് ആരംഭിക്കുന്നതാണ്.

<ins>പ്രത്യേക കുറിപ്പ്</ins>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

**തിരുവനന്തപുരം.**
**13.09.2018**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**